# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആര്യൻകോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATVM/GP5/2153/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 22/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആര്യൻകോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATVM/GP5/2153/2022 തീയ്യതി: 22/03/2023

## തിരുവനന്തപുരം ജില്ലയിലെ ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ .കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 09-11-2022 | 17-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-11-2022 | 17-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധുലാബീവി എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ ജോസ് ഡബ്ല്യു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ പ്രേംനാഥ് ജി കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി കല പി, ഓഡിറ്റർ
ശ്രീ ദിനു .റ്റി.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഗിരിജകുമാരി ഒ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| കലാറാണി ആർ ഐ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആശ എം ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| മഞ്ചു മോഹൻദാസ് | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2021 | 31-03-2022 |
| അജിത്ത് മോഹൻ | വി ഇ ഒ I | 01-04-2021 | 31-03-2022 |
| രാജേഷ് എം | വി ഇ ഒ II | 01-04-2021 | 31-03-2022 |
| ബിനീ ജെ സി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| അരുൺകുമാർ ജി എസ് | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ആശ | അഗ്രികൾച്ചർ ഓഫീസർ | 01-04-2021 | 31-03-2022 |
| ജയശ്രീ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2021 | 03-07-2021 |
| രതീഷ് | ഡയറിഫാം ഇൻസ്ട്രക്ടർ | 04-07-2021 | 31-03-2022 |
| പാർവതി കൃഷ്ണൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| രാജി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| റാണി ശ്രീധർ | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-12-2021 |
| ലക്ഷ്മി | ഹെഡ് മിസ്ട്രസ് (In Charge) | 01-01-2022 | 31-01-2022 |
| ലേഖ | ഹെഡ് മിസ്ട്രസ് (In Charge) | 01-02-2022 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് സംക്ഷിപ്തം | 1-1-1 |
| 3 | ബജറ്റിൽ വകയിരുത്താതെയും ബജറ്റിൽ വകയിരുത്തിയതിൽ അധികവും ചെലവ് ചെയ്തു | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രിക | 1-2 |
| 5 | ഗ്രാന്റ് വിനിയോഗം | 1-3 |
| 6 | Annual Financial Statement, Grant Statement,Appropriation Control Registerഎന്നിവയുടെ ചെലവു തുകകളിൽ വ്യത്യാസം | 1-3-1 |
| 7 | പദ്ധതി അവലോകനം | 1-4 |
| 8 | ക്ഷേമ പദ്ധതികൾ | 1-5 |
| 9 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും നൽകി വരുന്നു. | 1-5-1 |
| 10 | സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താക്കളുടെ മരണശേഷവും ഡാറ്റാബേസിൽ നിലനിർത്തിയിരിക്കുന്നു | 1-5-2 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 13 | ക്യാഷ് പരിശോധന | 1-8 |
| 14 | മറ്റുഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 15 | രജിസ്റ്ററുകളുടെ പരിപാലനം | 1-10 |
| 16 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-11 |
| 17 | ലേല വരവിൽ കുറവ് സംഭവിച്ചു | 1-12 |
| 18 | തുക മുൻകൂർ അടച്ചിട്ടും കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ ലഭിച്ചില്ല - 79594/ രൂപ തടസ്സം ചെയ്യുന്നു | 1-13 |
| 19 | സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്നവയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല- 13,94,733/- തുക തടസ്സപ്പെടുത്തുന്നു | 1-14 |
| 20 | ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ് | 1-15 |
| 21 | വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികൾ - 200000/-രൂപയുടെ ചെലവ് വിവരങ്ങൾ, വിനിയോഗസാക്ഷ്യപത്രം ഇവ ഹാജരാക്കേണ്ടതാണ് | 1-16 |
| 22 | ക്ഷീരസമൃദ്ധി (ജനറൽ) പ്രോജക്ടിലെ അപാകത — 32359/- രൂപയുടെ അധികച്ചെലവ് - കൃത്യമായി വിശദീകരണം നൽകേണ്ടതാണ് | 1-17 |
| 23 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം പദ്ധതി - രൂപ 187390/- തടസ്സപ്പെടുത്തുന്നു | 1-18 |
| 24 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ സ്നേഹസ്പർശം | 1-19 |

| | | |
|---|---|---|
| | പദ്ധതിയിലെ അപാകതകൾ -സംബന്ധിച്ച് | |
| 25 | അങ്കണവാടി അനുപൂരക പോഷകാഹാരം പദ്ധതി-- രേഖകൾ ഹാജരാക്കാത്തതിനാൽ രൂപ 1336887/- തടസ്സപ്പെടുത്തുന്നു | 1-20 |
| 26 | വി.ഇ.ഒ, സർക്കിൾ എ നിർവ്വഹണം നടത്തിയ പദ്ധതികൾ -അപാകതകൾ | 1-21 |
| 27 | ഇ എം എസ് ഭവനപദ്ധതി ഗുണഭോക്താക്കൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള അധിക തുക – രേഖകളുടേയും പൂർത്തീകരണത്തിന്റേയും അഭാവത്തിൽ നൽകിയിരിക്കുന്നു. | 1-22 |
| 28 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ തന്നെ മരുന്നുകൾ വാങ്ങിയിരിക്കുന്നു-സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധം | 1-23 |
| 29 | പാലിയേറ്റീവ് കെയർ പദ്ധതി - സംഭാവന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-24 |
| 30 | തൊഴിലുറപ്പ് പദ്ധതി പൊതുഅവലോകനം | 1-25 |
| 31 | റോഡ് പുനരുദ്ധാരണം - സ്റ്റീലിന്റെ ഭാരം കണക്കാക്കിയതിൽ അപാകത – 3574/- രൂപ തിരികെ ഈടാക്കണം | 1-26 |
| 32 | ഓട നിർമ്മാണം അളവ് രേഖപ്പെടുത്തലിലെ പൊരുത്തക്കേട് 10509/- രൂപ തിരികെ ഈടാക്കണം | 1-27 |
| 33 | കരാറിലെ നിബന്ധനകൾ അടിയന്തിരമായി കാലികമാക്കണം | 1-28 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | റോഡ് പുനരുദ്ധാരണം - സ്റ്റീലിന്റെ ഭാരം കണക്കാക്കിയതിൽ അപാകത – 3574/- രൂപ തിരികെ ഈടാക്കണം | 3-1 |
| 2 | ഓട നിർമ്മാണം അളവ് രേഖപ്പെടുത്തലിലെ പൊരുത്തക്കേട് 10509/- രൂപ തിരികെ ഈടാക്കണം | 3-2 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പാ /വായ്പാതരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ്നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/തസ്വഭവ, തീയതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. മുന്നിരിപ്പ് ഉൾപ്പെടെ 290817600/- രൂപ പ്രതീക്ഷിതവരവും 282967811/- രൂപ പ്രതീക്ഷിതചെലവും 7849789/- രൂപ നീക്കിയിരിപ്പും ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ബജറ്റ് 18/02/2021-ലെ 1(1)-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു.

### 1-1-1 ബജറ്റ് സംക്ഷിപ്തം

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 6996189 |
| വരവ് | 283821411 |
| ആകെ | 290817600 |
| ചെലവ് | 282927811 |
| നീക്കിയിരിപ്പ് | 7889789 |

ബജറ്റ് നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെ ചുമതല വളരെ പ്രധാനപ്പെട്ടതാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന്റെ ആണിക്കല്ലായ ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെട്ടുവെന്നും ലഭ്യമാകുവാനുള്ള എല്ലാ തുകകളും ലഭ്യമായെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്.

### 1-1-2 ബജറ്റിൽ വകയിരുത്താതെയും ബജറ്റിൽ വകയിരുത്തിയതിൽ അധികവും ചെലവ് ചെയ്തു

ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെക്കാൾ അധികം ചെലവ് ചെയ്തായി ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവയുടെ പരിശോധനയിൽ വ്യക്തമാണ്.

2021-2022 സാമ്പത്തിക വർഷത്തിൽ ആര്യൻകോട് ഗ്രാമപഞ്ചായത്തിലെ ബജറ്റ് പരിശോധനയിൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും ചെലവ് ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (07/21-22, 14/11/2022) യ്ക്കുള്ള മറുപടി ഇപ്രകാരമാണ് ILGMS Head-ന് സമാനമായ എല്ലാ ഹെഡ്ഡുകളും ബജറ്റ് റ്റൂളിൽ ലഭ്യമാക്കിയിട്ടില്ല. അതിനാൽ ബജറ്റിൽ വകയിരിത്തിയതിന് സമാനമായി എല്ലാ ഹെഡ്ഡുകളും വാർഷിക ധനകാര്യ പത്രികയിൽ ലഭ്യവുമല്ല തിരുത്തുന്നതിനുള്ള സംവിധാനവുമില്ല എന്നാണ്. സുലേഖചെലവു പത്രിക പ്രകാരം ആവശ്യമായ തുക വകയിരിത്തിയാണ് 21-22വർഷത്തെബജറ്റ് റിവൈസ് ചെയ്തിട്ടുള്ളതെന്നും ബജറ്റിൽ അധികരിച്ച തുക ചെലവഴിച്ചിട്ടില്ലായെന്നും മറുപടിയിൽ അറിയിക്കുകയുണ്ടായി. പ്രസ്തുത അപാകം പരിഹരിക്കുന്നതിന് ഐ.കെ.എം ഉമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 72 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ, അത്തരം ചെലവ് ചെയ്യുന്നതിനു മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ആക്ടിലെ 214(5)-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. അടുത്ത വർഷത്തെ ബജറ്റ് നിർദ്ദേശങ്ങളുടെ ഭാഗമായി മാർച്ച് മാസത്തിൽ സമർപ്പിക്കുന്ന പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ്, തന്നാണ്ടിലെ ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന, പുതുക്കിയ ബജറ്റായി കണക്കാക്കാൻ പാടില്ലായെന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെ

അധികരിച്ചും ചെലവു ചെയ്തിട്ടുണ്ട്. വിശദീകരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | അക്കൗണ്ട് ഹെഡ് | ഇനം | A F S പ്രകാരം ചെലവഴിച്ച തുക | 2020-2021 ലെ പരിഷ്കരിച്ച ബജറ്റ് പ്രകാരം വകയിരുത്തിയത് |
|---|---|---|---|---|
| 1 | 2501039 | Animal Husbandry-- Infrastructure | 340175 | വകയിരിത്തിയിട്ടില്ല |
| 2 | 2511014 | Financial Assistance ForSC/ST Students For Higher Education Admission | 1222633 | 400000 |
| 3 | 2514201 | Ananwadi Infrastructure | 543295 | 200000 |
| 4 | 2514202 | Anganwadi Related Service | 1357800 | 100000 |
| 5 | 250100903 | Floriculture | 282920 | വകയിരുത്തിയിട്ടില്ല |
| 6 | 250140804 | Service Enterprises-- Bunk | 33994 | വകയിരുത്തിയിട്ടില്ല |
| 7 | 250102014 | Irrigation Others | 199791 | വകയിരുത്തിയിട്ടില്ല |

## 1-2 വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 03.10.2022 |

നിശ്ചിത തീയതിക്ക് ശേഷമാണ് പത്രിക ലഭ്യമാക്കിയത്. സമയബന്ധിതമായി വാർഷിക ധനകാര്യപത്രിക ലഭ്യമാക്കേണ്ടതാണ്.

വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ട അപാകതകൾ.

### 1-2-1 ചുവടെ ചേർത്തിട്ടുള്ള ഇനങ്ങളുടെ ബാലൻസ് വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിൽ വന്നിട്ടില്ല.

| ഇനം | ഡിമാന്റ് | കളക്ഷൻ | വരേണ്ട ബാലൻസ് | AFS പ്രകാരമുള്ള ബാലൻസ് |
|---|---|---|---|---|
| Pofeession TaxTraders/Institution | 200070 | 148520 | 51550 | 0 |
| Penalties And Fines Other Penalties | 2409 | 2081 | 328 | 0 |

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (01/21-22, 10/11/2022) യ്ക്കുള്ള മറുപടിയിൽ കഴിഞ്ഞ വർഷത്തെ അഡ്വാൻസ് തുകയായ 8770/- രൂപയും 2021-22 വർഷം Current Head- ൽ എടുക്കേണ്ട തുക തെറ്റായി Advance Head-ൽ രേഖപ്പെടുത്തിയ 44,780/- രൂപയും കൂടി 53,550/- രൂപയാണെന്നും തെറ്റായി രേഖപ്പെടുത്തിയതുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

### 1-2-2 ചുവടെ ചേർത്തിരിക്കുന്ന ഇനങ്ങളിൽ ഡെപ്പോസിറ്റ് തുകകളുടെ നീക്കിയിരിപ്പിൽ വ്യത്യാസം

| ഇനം | AFSപ്രകാരം മുന്നിരിപ്പ് | RP 33 Recepts | RP 33 Payments | വരേണ്ടത് | AFS- ൽ ഉള്ള ബാലൻസ് |
|---|---|---|---|---|---|
| Contactors Earnest Money Depositt | 47400 | 318023 | 244391 | 121032 | 111132 |
| Suppliers | 24680 | 0 | 23474 | 1206 | 65362 |

| | | | | | |
|---|---|---|---|---|---|
| Earnest MoneyDeposit | | | | | |
| Contractors Security Deposit | 46000 | 700 | 38750 | 7950 | 32250 |
| Contractors Retention | 35401 | 0 | -- | 35401 | 136469 |
| Auction Deposit | 33700 | 7600 | 10100 | 31200 | 20975 |
| Other Deposit | 61315 | -- | -- | 61315 | 33627+37315=<br>70942 |

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (14/21-22, 14/11/2022) യ്ക്കുള്ള മറുപടിയിൽ സോഫ്റ്റ് വെയർ ഇഷ്യൂ കാരണം വ്യത്യാസം വന്നതിനാലാണ് ക്ളോസിംഗ് ബാലൻസിൽ തെറ്റ് സംഭവിച്ചതെന്നും Contractors Retension Receiptand Payment-ലെ വ്യത്യാസമായ 19070/- രൂപ CFC Project Payment-ലെ Gross Amount- ൽ നിന്ന് Deduct ചെയ്ത തുകയാണെന്നും ഇത് Receipt And Payment Report-ൽ വരില്ല എന്നമാണ് അറിയിച്ചിട്ടുള്ളത്. നീക്കിയിരിപ്പ് തുകകൾ കൃത്യമായി രേഖപ്പെടുത്തുകയും മൂന്ന് വർഷത്തിന്മേലുള്ള ഡെപ്പോസിറ്റ് തുകകൾ തനതു ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

<u>1-2-3 2021-2022 സാമ്പത്തിക വർഷത്തിൽ ആര്യൻകോട് ഗ്രാമപഞ്ചായത്തിലെ വാർഷിക ധനകാര്യ പത്രികപരിശോധിച്ചതിൽ അക്കൗണ്ടുകളിൽ മുൻവർഷവും തൻവർഷവും ഒരേ തുകകൾ തന്നെ നീക്കിയിരിപ്പായി കാണുന്നു. വിശദീകരണം ചുവടെ ചേർക്കുന്നു.</u>

| ക്രമ നം | ഇനം | 2020-21 AFS | 2021-22 AFS |
|---|---|---|---|
| 1. | Fund For Transferred Institutions Social Justice | 280000 | 280000 |
| 2 | Grants, Funds& Contrubution For Specific Purposes | 20000 | 20000 |
| 3 | Grants, Funds& Contrubution-Nabard Assistance | 5179 | 5179 |
| 4 | Other Liabilities | 50000 | 50000 |
| 5 | Grand From Suchitwa Mission | 160000 | 160000 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (10/21-22, 14/11/2022) യ്ക്കുള്ള മറുപടിയിൽ സാമൂഹ്യനീതിവകുപ്പിൽ നിന്ന് പകൽ വീട് പുനരുദ്ധാരണത്തിനായി ലഭിച്ച തുകയാണ് 280000/- രൂപ എന്നും അത് അടിയന്തിരമായി തിരിച്ചടച്ച് റിപ്പോർട്ട് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇതിനു പുറമെ നബാർഡ് ബാലൻസ് തിരിച്ചടയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിമുക്തി ഫണ്ടും, ശുചിത്വ മിഷനിൽനിന്ന് ലഭിച്ച തുകയും ഈ വർഷം വനിയോഗിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. Other Liabiliies Head-ൽ രേഖപ്പെടുത്തിയിട്ടുള്ള 50000/- ഏത് തുകയാണെന്ന് വ്യക്തമല്ലാത്തതിനാൽ ബാങ്ക് അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ട്. മറുപടി ലഭ്യമാക്കി തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

<u>1-2-4 ചുവടെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളിൽ കഴിഞ്ഞ വർഷത്തെ നീക്കിയിരിപ്പ് തുകയ്ക്കുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല</u>

| ക്രമ നം | സ്ഥാപനം | 2020-21 AFS പ്രകാരം |
|---|---|---|
| 1 | Deposit With Kerala Water Authoriity | 721800 |
| 2 | Deposit With Kerala Eletricity Board | 1938373 |
| 3 | Deposit With Ground Water Department | 623090 |

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (10/21-22, 14/11/2022) യ്ക്ക് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-2-5 NREGA—ൽ AFS- ലുള്ള ചെലവിലും രജിസ്റ്റർ പ്രകാരമുള്ള ചെലവിലും വ്യത്യാസം കാണുന്നു

| ഇനം | 2021-22 AFS പ്രകാരമുള്ള ചെലവ് | Register പ്രകാരമുള്ള ചെലവ് | വ്യത്യാസം |
|---|---|---|---|
| NREGA Payments | 1652987 | 1993328 | 340341 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ( 13/21-22, 14/11/2022) യ്ക്ക് മറുപടി ലഭ്യമാക്കിയില്ല. വ്യത്യാസം ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

1-2-6 : I 14 (D) യിൽ സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം ഇനത്തിൽ വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1-3 ഗ്രാന്റ് വിനിയോഗം

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്-ചെലവ്-നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 11178200 | 11178200 | 17111952 | -5933752 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6320818 | 6320818 | 6145000 | 175818 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 15800 | 15800 | 0 | 15800 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 8613521 | 8613521 | 4173532 | 4439989 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-untied) | 0 | 4217371 | 4217371 | 3315142 | 902229 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 8511603 | 8511603 | 6765123 | 1746480 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 11483353 | 11483353 | 9828626 | 1654727 |

വികസനഫണ്ട് ജനറൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് ആയത് വിശദീകരിക്കേണ്ടതാണ്.

1-3-1 Annual Financial Statement, Grant Statement,Appropriation Control Registerഎന്നിവയുടെ ചെലവു തുകകളിൽ വ്യത്യാസം

ചുവടെ ചേർത്തിരിക്കുന്ന ഇനങ്ങളിൽ AFS, Grant Statement, ACR എന്നിവയുടെ ചെലവു തുകകളിൽ വ്യത്യാസം.

| ക്രമ നം | ഇനം | AFS പ്രകാരം | Grand Statement പ്രകാരം | ACR പ്രകാരം |
|---|---|---|---|---|
| 1 | Development General | 11178152 | 17111952 | 11178152 |
| 2 | Development Fund SCP | 5969000 | 6145000 | 5969000 |
| 3 | Development Fund (CFC Tied) | 7331225 | 4173532 | 4256376 |
| 4 | Development Fund (CFC Untied) | 947176 | 3315142 | 3315142 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ( 11/21-22, 14/11/2022) യ്ക്കുള്ള മറുപടിയിൽ

1. Development Fund General- ൽ AFS-ഉം ഗ്രാന്റ് സ്റ്റേറ്റ്മെന്റും തമ്മിലുള്ള വ്യത്യാസമായ 5933800/- രൂപ GO Project തുകയുടെ സോഴ്സ് ഡിഡക്ഷൻ ആണെന്ന് അറിയിച്ചു.

2. Development Fund (SCP)--ൽ AFS-ഉം ഗ്രാന്റ് സ്റ്റേറ്റ്മെന്റും തമ്മിലുള്ള വ്യത്യാസമായ 176000/- രൂപ GO Project തുകയുടെ സോഴ്സ് ഡിഡക്ഷൻ ആണെന്ന് അറിയിച്ചു.

3. CFC യുടെ Spill Over Expense ആണ് AFS-ൽ കാണുന്നത്. Spillover Payments Treasury വഴിയും 2021-22 മുതൽ E-gramaswaraj Cite വഴിയുമാണ് ചെയ്തു വരുന്നതെന്നാണ് അറിയിച്ചിട്ടുള്ളത്. പ്രസ്തുത വ്യത്യാസം പൊരുത്തപ്പെടുത്തി അറിയിക്കേണ്ടതാണ്.

ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, ACR, വാർഷികധനകാര്യ പത്രിക എന്നിവയുടെ വരവും ചെലവും പൊരുത്തപ്പെടുത്തി ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

2018-19 മുതൽ 2021-22 വരെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(കൈ) നം.11/2018 /തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ട്, സുലേഖ ചെലവ് പത്രിക എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മോണിറ്ററിംഗ്

പദ്ധതി രൂപീകരണ മാർഗരേഖ ഖണ്ഡിക 13 പ്രകാരം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ ഓരോ പ്രോജക്ടിന്റെയും മോണിറ്ററിംഗ് നിർവഹിക്കേണ്ടതിനെക്കുറിച്ച് വ്യക്തമാക്കുന്നു. പദ്ധതി പൂർത്തീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണെന്നും വ്യക്തമാക്കുന്നു. എന്നാൽ ഇത്തരത്തിൽ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചതായി കാണുന്നില്ല. മോണിറ്ററിംഗ് കമ്മിറ്റികൾ കൂടുതൽ ഉത്തരവാദിത്തത്തോടു കൂടി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഉത്തരങ്ങൾ മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

2021-22 സാമ്പത്തിക വർഷത്തിൽ നിർവഹണോദ്യോഗസ്ഥർ നിർവഹിച്ച പദ്ധതികളുടെ പട്ടിക.

| നിർവഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികൾ | നടപ്പിലാക്കിയ പദ്ധതികൾ | അടങ്കൽ | ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പാക്കാത്തവ | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| കൃഷി | 7 | 5 | 1951704 | 484570 | 1 | 1 | 25% |
| വെറ്ററിനറി സർജ്ജൻ | 5 | 2 | 2141176 | 861175 | 1 | 3 | 40% |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | 5 | 5 | 2647565 | 2505718 | 0 | 0 | 95% |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 4 | 4 | 1100000 | 1096899 | 0 | 0 | 100% |
| ഫിഷറീസ് | 4 | 2 | 4154491 | 77571 | 0 | 2 | 19% |
| വി.ഇ.ഒ | 14 | 11 | 12523806 | 8088782 | 0 | 3 | 65% |
| ഐ.സി.ഡി.എസ് | 11 | 6 | 4846103 | 3413562 | 0 | 5 | 70% |
| സെക്രട്ടറി | 40 | 25 | 16866958 | 12180288 | 3 | 12 | 72% |
| ഹെഡ് മാസ്റ്റർ | 4 | 2 | 569400 | 386390 | 0 | 2 | 68% |
| അസി.എഞ്ചിനീയർ | 95 | 67 | 36977951 | 24431430 | 3 | 25 | 66% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 2600000 | 2113775 | 0 | 0 | 81% |
| അസി.സെക്രട്ടറി | 7 | 5 | 3356879 | 2425446 | 0 | 2 | 72% |

ആകെ അടങ്കൽ : 89736333/-

ആകെ ചെലവ് : 58065606/-

ചെലവ് ശതമാനം : 65%

## 1-5 ക്ഷേമ പദ്ധതികൾ

2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| തൊഴിൽ രഹിതവേതനം | ഇല്ല |
| കർഷക തൊഴിലാളി പെൻഷൻ | 10516900 |
| വിധവാ പെൻഷൻ | 21231900 |

| | |
|---|---|
| വാർദ്ധക്യകാല പെൻഷൻ | 37101500 |
| വികലാംഗ പെൻഷൻ | 7168500 |
| വിവാഹധനസഹായം | 270000 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 548600 |

വാർഷിക ധനകാര്യ പത്രികയിൽ I-14 (D) യിൽ വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

### 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും നൽകി വരുന്നു.

ഗ്രാമ പഞ്ചായത്ത് ഹാജരാക്കിയ 2021-22 ലെ മരണ റിപ്പോർട്ടുകളിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സെറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | പെൻഷൻ ഐഡി, പെൻഷൻ തരം | മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ വിതരണം ചെയ്ത കാലയളവ് | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | സുരേന്ദ്രൻ നായർ .എം.യു | 102900200918, ഇന്ദിരഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 11.04.21 | 05/2021-09/2021 | 8000/- |
| 2 | സരസമ്മ | 102860601345, ഇന്ദിരഗാന്ധി ദേശീയ വിധവ പെൻഷൻ | 23.05.21 | 06/2021-11/2021 | 9600/- |
| 3 | ശ്രീധർ | 102860100759, ഇന്ദിരഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 22.07.21 | 08/2021-11/2021 | 6400/- |
| 4 | വി. രാമചന്ദ്രൻ നായർ | 102860200628, ഇന്ദിരഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 10.08.21 | 09/2021-11/2021 | 4800/- |
| 5 | ഗോപിനാഥൻ .എസ് | 102860202037, ഇന്ദിരഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 18.02.21 | 03/2021-11/2021 | 14400/- |
| 6 | അമ്മുക്കുട്ടി | 102860600538, ഇന്ദിരഗാന്ധി ദേശീയ വിധവ പെൻഷൻ | 07.09.21 | 10/2021-11/2021 | 3200/- |
| 7 | സുലോചന | 102860601347, ഇന്ദിരഗാന്ധി ദേശീയ വിധവ പെൻഷൻ | 24.11.21 | 12/2021-09/2022 (ആക്ടീവ്) | 16000/- |
| 8 | യോബ് | 102860100998, കർഷക തൊഴിലാളി പെൻഷൻ | 15.07.21 | 08/2021-09/2022 (ആക്ടീവ്) | 22400/- |
| 9 | ഗ്ലോബർ ശോഭിയ | 102860201576, ഇന്ദിരഗാന്ധി ദേശീയ വാർദ്ധക്യകാല | 10.01.21 | 05/2021-11/2021 | 11200/- |

| | | പെൻഷൻ | | | |
|---|---|---|---|---|---|

ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ തുക സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 29/2022 ന് മറുപടി ലഭ്യമാക്കിയില്ല. മറുപടിയും തുടർ നടപടി വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 1-5-2 സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താക്കളുടെ മരണശേഷവും ഡാറ്റാബേസിൽ നിലനിർത്തിയിരിക്കുന്നു

പഞ്ചായത്ത് പരിധിയിലെ ഗുണഭോക്താക്കളുടെ പെൻഷൻ സ്റ്റാറ്റസ് മരണശേഷവും ആക്ടീവായി ഡാറ്റാബേസിൽ കാണപ്പെടുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | ആധാർ | പെൻഷൻ ഐഡി,<br>പെൻഷൻ തരം | പെൻഷൻ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | സുരേന്ദ്രൻ നായർ .എം.യു | 278689908305 | 2043152277,<br>ക്ഷേമനിധി ബോർഡ് പെൻഷൻ | ആക്ടീവ് |
| 2 | ആർ. വിമല | 787145208239 | 2043106621,<br>കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി | ആക്ടീവ് |
| 3 | സുജാത | 811464491529 | 243328147,<br>കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി | ആക്ടീവ് |
| 4 | രാജശേഖരൻ .എം | 229319080017 | 2080047240,<br>കേരള ക്ഷീരകർഷക ക്ഷേമനിധി | ആക്ടീവ് |
| 5 | വിക്ടർ ഡബ്ല്യു .എൽ | 483042533250 | 2043287280,<br>കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി | ആക്ടീവ് |
| 6 | സുഭദ്ര അമ്മ | 526878987018 | 2043286691,<br>കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി | ആക്ടീവ് |
| 7 | പൊന്നമ്മ | 760854847722 | 243334283,<br>കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി | ആക്ടീവ് |
| 8 | കേശവൻ .ബി | 510434370477 | 102860201661,<br>ഇന്ദിരഗാന്ധി ദേശീയ വിധവ പെൻഷൻ പെൻഷൻ സ്റ്റാറ്റസ് | ആക്ടീവ് (തുക തടഞ്ഞു വച്ചിട്ടുണ്ട്) |
| 9 | ശാന്ത | 840836920804 | 2043235454,<br>കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി | ആക്ടീവ് |
| 10 | മാധവൻ .കെ | 971781382813 | 2043092932,<br>കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി | ആക്ടീവ് |
| 11 | ക്രിസ്റ്റീന | 468215273224 | 2043171927,<br>കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി | ആക്ടീവ് |
| 12 | ബേബി | 735800926852 | 2043224903,<br>കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി | ആക്ടീവ് |
| 13 | കമലമ്മ | 617907676261 | 102860100972,<br>കർഷക തൊഴിലാളി പെൻഷൻ<br>2043240725,<br>കേരള കെട്ടിട നിർമ്മാണ | ആക്ടീവ് |

| | | | തൊഴിലാളി ക്ഷേമനിധി | |
|---|---|---|---|---|

ധനകാര്യവകുപ്പിന്റെ 26.07.18-ലെ സർക്കുലർ നമ്പർ 69/18-ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിർദ്ദേശം പാലിച്ച് തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 361589 | 980672 | 1342261 | 1338714 | 3547 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 117792670 | 117792670 | 117792670 | 0 |

I-14 (F) -ൽ ഉൾപ്പെടുന്ന തുക ഭരണച്ചെലവും DBT തുകയും കൂടി ചേർന്നതാണ് (119131384).

## 1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ ശ്രദ്ധിക്കേണ്ട സംഗതികൾ താഴെപറയുന്നു.

1) ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗുകൾ നടത്തുന്നുണ്ട്. 9/2020 മുതൽ സാംഖ്യയിൽ നിന്നും ഐ.എൽ.ജി.എം.എസ്. ലേയ്ക്ക് മാറിയിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) 2004ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ ചട്ടം 9 പ്രകാരം വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2021 ൽ പ്രസിദ്ധീകരിച്ച പൗരാവകാശരേഖയുടെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

3) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ.(കൈ) നം 123/2009 /തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ആയത് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

എ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
ബി) ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.
സി) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.
4) തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
5) ഐ.എസ്.ഒ. സർട്ടീഫിക്കേഷൻ 3/2021 ൽ അവസാനിച്ചു. പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ടി അപാകങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ 14-11-2022 - ൽ നടത്തുകയുണ്ടായി. പരിശോധനയിൽ 740/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 മറ്റുഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് |
|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.05.2022 | 8/2021 – 03/2022 |

| | | |
|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.11.2018 | 2013-14 – 2017-18 |

## 1-10 രജിസ്റ്ററുകളുടെ പരിപാലനം

സെക്രട്ടറി, അസി.സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥർ ഫാറം 7A മാതൃകയിലുള്ള കാഷ്ബുക്ക് പരിപാലിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ പരിപാലിക്കുന്നില്ല. റഗുലറൈസേഷൻ രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പെർമിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-11 റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2021-22 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ചു നൽകിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 16/2022-ന് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 21 റേഷൻ കടകൾക്കും ലൈസൻസ് എടുക്കുന്നതിനുള്ള കത്ത് നൽകാറുണ്ടെന്നും 4 റേഷൻകടകൾ 2022-23 സാമ്പത്തിക വർഷത്തിൽ ലൈസൻസും തൊഴിൽ നികുതിയും ഒടുക്കിയിട്ടുണ്ടെന്നും മറ്റ് കടകൾക്ക് ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 ലേല വരവിൽ കുറവ് സംഭവിച്ചു

ലേലതുകയിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് കുറവു സംഭവിച്ചതായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

| ക്രമ നം. | ലേലം | 2020-21 ലെ ലേലതുക (GST ഒഴികെ) | 2021-22 ലെ ലേലതുക (GST ഒഴികെ) |
|---|---|---|---|
| 1 | ചെമ്പൂര് മാർക്കറ്റിലെ ഗേറ്റ് ഫീസ് | 85500 രൂപ | 60000 രൂപ (3 മാസം കുറവ് ചെയ്ത ശേഷമുള്ള തുക = 45000 രൂപ) |
| 2 | ആര്യൻകോട് മാർക്കറ്റിലെ ഗേറ്റ് ഫീസ് | 55000 രൂപ | 51000 രൂപ (3 മാസം കുറവ് ചെയ്ത ശേഷമുള്ള തുക = 38250 രൂപ) |
| 3 | കീഴാറൂർ മാർക്കറ്റിലെ ഗേറ്റ് ഫീസ് | 33500 രൂപ | 8000 രൂപ |
| 4 | ചെമ്പൂര് മാർക്കറ്റിലെ ഇറച്ചി വ്യാപാരം | 111500 രൂപ | 70000 രൂപ (3 മാസം കുറവ് ചെയ്ത ശേഷമുള്ള തുക = 52498 രൂപ) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 15/2022 ന് നൽകിയ മറുപടി പ്രകാരം ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ 2021/22 സാമ്പത്തിക വർഷത്തേക്ക് നടന്ന ലേലത്തിൽ കോവിഡ് 19 ന്റെ ഭാഗമായി ചന്തകൾ പൂർണ്ണമായും അടച്ചിരുന്നതിനാലും വലിയ സാമ്പത്തിക നഷ്ടം ലേലം കൊണ്ടവർക്ക് സംഭവിച്ചതിനാലും ആരും ലേലത്തിൽ പങ്കെടുത്തില്ല. 08.03.2021 തീയതിയിലെ 4 (1) നമ്പർ തീരുമാനപ്രകാരം തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടം അവസാനിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ലേല തുക കുറച്ചു നൽകുകയും തുടർന്ന് 10.06.2021 തീയതി നടന്ന പുനർലേലം 11.06.2022 തീയതിയിലെ 2 (1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് മറുപടി നൽകി. വരും വർഷങ്ങളിൽ ലേല വരവിൽ കുറവ് വരാതിരിക്കുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-13 തുക മുൻകൂർ അടച്ചിട്ടും കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ ലഭിച്ചില്ല - 79594/ രൂപ തടസ്സം ചെയ്യുന്നു

| | |
|---|---|
| പ്രോജക്ട് നം. | 236/22 |
| പ്രോജക്ട് പേര് | പഞ്ചായത്ത് ഓഫീസിന് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ഫണ്ട് | തനത് |
| അടങ്കൽ | 1,50,000/- രൂപ |
| ചെലവ് | 79594/- രൂപ |

പഞ്ചായത്ത് ഓഫീസിന് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ എന്ന പ്രോജക്ടിലുൾപ്പെടുത്തി രണ്ട് കമ്പ്യൂട്ടറുകളും രണ്ട് പ്രിന്ററും സി.പി.ആർ.സി.എസ്. മുഖേന കെൽട്രോണിൽ നിന്നും വാങ്ങുന്നതിന് 11/01/2022ലെ 2(4) നമ്പർ കമ്മിറ്റി യോഗം തീരുമാനിച്ചു. എന്നാൽ ഫയൽ പരിശോധിച്ചതിൽ രണ്ട് കമ്പ്യൂട്ടറുകൾക്ക് മാത്രമാണ് കെൽട്രോണിൽ നിന്നും ഇൻവോയിസ് ലഭ്യമായിട്ടുള്ളത്. 07.03.2022 ന് ലഭിച്ച ഇൻവോയിസ് പ്രകാരം രണ്ട് കമ്പ്യൂട്ടറിന് 79594/- രൂപയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. 31.03.2022 വരെയാണ് ഇൻവോയിസ് പ്രകാരമുള്ള വിലയുടെ കാലാവധി. തനത് ഫണ്ടിൽ നിന്നും 79594/- രൂപ (ചെക്ക് നം. 2317297/14.03.22) പിൻവലിച്ച് കെൽട്രോണിന് നൽകിയിട്ടുണ്ടെങ്കിലും സാമ്പത്തിക വർഷം അവസാനിക്കുന്നതുവരെ കമ്പ്യൂട്ടറുകൾ ലഭിച്ചിട്ടില്ല. കൂടാതെ പ്രസ്തുത പർച്ചേസിനായി കെൽട്രോണുമായി കരാർ ചമച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി (നം. 20/15.11.2022) ന് മറുപടിയായി സിസ്റ്റം ലഭിക്കാത്തതിനാൽ കെൽട്രോണിൽ അന്വേഷിച്ചപ്പോൾ പഴയ നിരക്കിൽ സിസ്റ്റം ലഭ്യമല്ലെന്നും 12982/- രൂപ കൂടി ഒടുക്കിയാൽ മാത്രമെ പുതിയ സിസ്റ്റം ലഭിക്കുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അടുത്ത സാമ്പത്തിക വർഷം ഈ തുക കൂടി കെൽട്രോണിന് നല്കി (ചെക്ക് നം 5538133/15.09.22). ഓഡിറ്റ് സമയത്തും കമ്പ്യൂട്ടർ ലഭിച്ചിട്ടില്ല. നാളിതുവരെ കമ്പ്യൂട്ടർ ലഭിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ ചെലവ് ചെയ്ത 79594/- രൂപ തടസ്സം ചെയ്യുന്നു. കൃത്യമായി കരാർ ചമച്ചിരുന്നെങ്കിൽ അധികത്തുക ആവശ്യപ്പെടുന്നതിന് കെൽട്രോണിന് സാഹചര്യം ഉണ്ടാവുകയില്ലായിരുന്നു എന്നും വിലയിരുത്തുന്നു. പ്രസ്തുത അധികത്തുക സംബന്ധിച്ച് കൃത്യമായ വിശദീകരണം നൽകേണ്ടതാണ്.

## 1-14 സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്നവയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല- 13,94,733/- തുക തടസ്സപ്പെടുത്തുന്നു

| ക്രമ നം. | പ്രോജക്ട് നം. | പേര് | തുക | ബിൽ നം. | കൈപ്പറ്റിയത് |
|---|---|---|---|---|---|
| 1 | 254/22 | പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന് വിഹിതം നല്കൽ | 30000/- | 1/11.05.21 | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് |
| 2 | 1/22 | എസ്.എസ്.എ.വിഹിതം നല്കൽ | 700000/- | 2/11.05.21 | ജില്ലാ പ്രോജക്ട് കോ-ഓഡിനേറ്റർ |
| 3 | 2/22 | ഐ.കെ.എം. വിഹിതം നല്കൽ | 77793/- | 3/11.05.21 | IkM |
| 4 | 88/22 | ഡി.പി.സി. കെട്ടിട നിർമ്മാണം | 100000/- | 27/29.09.21 | E-grants/28.3.22 |
| 5 | 125/22 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 3,89,000/- | 31/11.09.21 | KWA |
| 6 | 184/22 | ചിലമ്പറ വാർഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 97940/- | 35/25.11.21 | Vellarada KSEB |
| | | ആകെ | 13,94,733/- | | |

## 1-15 ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

ആര്യങ്കോട് ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ലൈബ്രറിയുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, ഗ്രന്ഥശാലാ ഗ്രന്ഥ വിതരണ രജിസ്റ്റർ, അംഗത്വ രജിസ്റ്റർ, ഗ്രന്ഥശാലാ കമ്മിറ്റി രജിസ്റ്റർ എന്നിവ പരിശോധിച്ചു. താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

- അംഗത്വ രജിസ്റ്ററിൽ ആകെ 114 പേരാണ് ഉൾപ്പെട്ടിട്ടുള്ളത്. അവസാനം അംഗത്വം കൊടുത്തത് 04.10.2020 ലാണ്. ഗ്രന്ഥശാലയിൽ കൂടുതൽ അംഗങ്ങളെ ചേർക്കാനുള്ള പ്രവർത്തനങ്ങൾ മന്ദഗതിയിലായതായി ഓഡിറ്റ് നിരീക്ഷിക്കുന്നു.
- ഗ്രന്ഥശാലാ ഗ്രന്ഥവിതരണ രജിസ്റ്ററിൽ 2021-22 ൽ പുസ്തകങ്ങൾ നൽകിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
- ഗ്രന്ഥശാലാ കമ്മിറ്റി അവസാനമായി ചേർന്നത് 2020 ഒക്ടോബർ 30 –നാണ്. അതിനുശേഷം ഗ്രന്ഥശാലയുമായി ബന്ധപ്പെട്ട് ഒരു കമ്മിറ്റികളും ചേർന്നതായി കാണുന്നില്ല.

ലൈബ്രറിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു. ലൈബ്രറിയുടെ അംഗത്വ രജിസ്റ്ററിൽ കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിന് വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ് കുട്ടികളുടെയും യുവജനങ്ങളുടെയും പങ്കാളിത്തം ലൈബ്രറിയിൽ ഉറപ്പ് വരുത്തേണ്ടതാണ്. നിലവിൽ പഞ്ചായത്ത് ലൈബ്രറി സ്ഥിതി ചെയ്യുന്നത് ആര്യങ്കോട് പഞ്ചായത്ത് ഓഫീസിനോട് ചേർന്നാണ്.

ലൈബ്രറിയുടെ ആവശ്യകതയും സൗകര്യവും കൂടുതലുള്ള മറ്റൊരു പൊതു സ്ഥലത്തേക്ക് ലൈബ്രറി മാറ്റുന്നതും പരിഗണിക്കേണ്ടതാണ്.

## 1-16 വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികൾ - 200000/-രൂപയുടെ ചെലവ് വിവരങ്ങൾ, വിനിയോഗസാക്ഷ്യപത്രം ഇവ ഹാജരാക്കേണ്ടതാണ്

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി 2021-2022 സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി (വനിത) യിൽ കണ്ട അപാകതകൾ - വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 63/22 (New) |
| പദ്ധതിയുടെ പേര് | പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി (വനിത) |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) : 450000/- |
| | ഗുണഭോക്തൃ വിഹിതം : 450000/-<br>(നേരിട്ടു ചെലവഴിക്കുന്നത്) |
| | ആകെ അടങ്കൽ : 900000/- |
| ചെലവു തുക | 200000/- (വികസന ഫണ്ട്) |

മേൽ പദ്ധതിയ്ക്കായി തൻവർഷം വികസന ഫണ്ടിനത്തിൽ 200000/- രൂപ മൃഗസംരക്ഷണ വകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കു ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ആയത് ഹാജരാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് 16.11.2022 ൽ 25 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണ് എന്നാണ്. ആയതിനാൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ഈ പദ്ധതിക്കു വേണ്ടി ചെലവഴിച്ച 200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 ക്ഷീരസമൃദ്ധി (ജനറൽ) പ്രോജക്ടിലെ അപാകത — 32359/- രൂപയുടെ അധികച്ചെലവ് - കൃത്യമായി വിശദീകരണം നൽകേണ്ടതാണ്

2021-2022 സാമ്പത്തിക വർഷത്തിൽ ആര്യൻകോട് ഗ്രാമപഞ്ചായത്തിൽ ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ ക്ഷീരസമൃദ്ധി (ജനറൽ) പ്രോജക്ടിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0018/22 |
| പദ്ധതിയുടെ പേര് | ക്ഷീരസമൃദ്ധി (ജനറൽ) |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) : 1100000/- |
| ചെലവു തുക | 981638/- |
| ബിൽ നം. | 1/22, 20/12/2021 – 451337/-<br>4/22, 10/1/2022 – 41193/-<br>5/22, 12/1/2022 – 100000/-<br>8/22, 30/3/2022 – 389108/- |

1. വെള്ളറട ഗ്രാമ പഞ്ചായത്തിൽ താമസിക്കുന്ന ചെമ്പൂര് ക്ഷീരസംഘത്തിൽ പാൽ നൽകുന്ന ശ്രീ ക്രിസ്തുദാസിന് പാലിന്റെ സബ്സിഡി തുക 12168/- രൂപ നല്കിയിരിക്കുന്നു (അക്കൗണ്ട് നം. 13250100170592). മറ്റൊരു പഞ്ചായത്തിൽ താമസക്കാരനായ ആൾക്ക് നൽകിയ സബ്സിഡി തുക തിരികെ ഈടാക്കേണ്ടതാണ്.

2. സ്റ്റുവർട്ട് സി അക്കൗണ്ട് നം. 74201000015972 IFSC Code IOBA0000742 (മണ്ണാക്കോണം ക്ഷീരസംഘം) സബ്സിഡി തുക 40000/- രൂപ കൊടുത്തിട്ടുണ്ട്. എന്നാൽ ടി വ്യക്തിയുടെ പാലളവ് സ്റ്റേറ്റ്മെന്റ് പ്രകാരം 6603 ലിറ്റർ പാൽ മാത്രമെ കാണുന്നുള്ളൂ. ആയതിനാൽ അർഹതപ്പെട്ട തുക (6603x3=19809) ആണ്. ആയതിനാൽ ടി വ്യക്തിയ്ക്ക് അധികം നൽകിയ 20,191/- രൂപ തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 21/27-22/16.11.22 ന് ലഭ്യമായ മറുപടി ഇപ്രകാരമാണ് (1) ശ്രീ ക്രിസ്തുദാസ് വെള്ളറട പഞ്ചായത്തിലാണെങ്കിലും സ്ഥിരതാമസം ആര്യങ്കോട് പഞ്ചായത്തിലാണ്. (2) മണ്ണാംകോണം ക്ഷീരസംഘത്തിലെ പാലളവ് പ്രകാരമാണ് നൽകിയതെന്ന് അറിയിച്ചു. ഈ മറുപടി തൃപ്തികരമല്ല

കാരണം മണ്ണാംകോണം ക്ഷീരസംഘത്തിലെ പാലളവ് പ്രകാരം 6603 ലിറ്റർ മാത്രമേ കാണുന്നുള്ളൂ.

## 1-18 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം പദ്ധതി - രൂപ 187390/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം. | 78/2022 |
| പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് |
| അടങ്കൽ | 210000/- (വി.ഫ -Scp) |
| ചെലവ് | രൂപ 187390/- |
| ബിൽ നം. | 01/2021-22 തീയതി 31.03.2022 രൂപ 187390/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | HM ഗവ.എച്ച്.എസ്.എസ്. മൈലച്ചൽ |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് രൂപീകരണ ഫോം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഫയലിൽ ചേർത്തിട്ടില്ല.

2. ആനുകൂല്യം കൈപ്പറ്റിയ രഞ്ജിത്ത്.എസ്.ആർ, അശ്വനി.എ.എസ്, സിദ്ധാർദ്ധൻ ഷാജി, അക്ഷയ.എസ്.എസ്, അക്ഷയ.എസ് എന്നിവർക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും സമാന ആനുകൂല്യം ലഭിച്ചിട്ടില്ല എന്നതിന് സാക്ഷ്യപത്രം ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

3. ലാപ്പോപ്പുകൾ വാങ്ങിയിരിക്കുന്നത് ADCOM SYSTEMS PATTOM എന്ന സ്ഥാപനത്തിൽ നിന്നാണ്. മേൽ സ്ഥാപനം CPRCS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണോ എന്നതിനുള്ള വിവരം ഫയലിൽ ലഭ്യമല്ല.

4.അഞ്ച് ലാപ്പോപ്പുകൾ ഏത് Operating System-ത്തിലുള്ളതാണെന്നതിനും വിശദമായ Specification വിവരങ്ങളും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. തദ്ദേശ സ്വയം ഭരണ(ഡി.എ) വകുപ്പിൽ നിന്നുള്ള 20.01.2020-ലെ സർക്കുലർ നം.ഡി.എ.1/363/2019 ത.സ്വ.ഭ.വ പ്രകാരം, ലാപ്പോപ്പുകൾ UBUNTU Operating System-ത്തിലുള്ളതാണെങ്കിൽ, അനുവദനീയമായ പരമാവധി തുക ഒന്നിന് രൂപ 22895/- നിരക്കിൽ അഞ്ചെണ്ണത്തിന് രൂപ 114475/- ഉം ലാപ്പോപ്പുകൾ Windows Operating System-ത്തിലുള്ളതാണെങ്കിൽ, അനുവദനീയമായ പരമാവധി രൂപ 27722/- നിരക്കിൽ അഞ്ചെണ്ണത്തിന് രൂപ 138610/- ഉം ആണ്. എന്നാൽ ഇവിടെ 187390/- രൂപ ചെലവഴിച്ചിരിക്കുന്നു. സർക്കാർ നിർദ്ദേശത്തിൽ അധികം പദ്ധതിപ്പണം ചെലവിട്ടിരിക്കുന്നത് ഫണ്ടിന്റെ ദുർവിനിയോഗമായി ഓഡിറ്റ് കണക്കാക്കുന്നു.

മേൽ അപാകതകൾ സൂചിപ്പിച്ചുകൊണ്ടുള്ള 10.11.2022 ഓഡിറ്റ് എൻക്വയറി നമ്പർ 05/2021-22 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല.കൃത്യമായ വിശദാംശങ്ങളുടേയും അധികവിവരങ്ങളുടേയും അഭാവത്തിൽ പ്രോജക്ടിനായി അധികം ചെലവഴിച്ച തുകയെത്രയാണെന്ന് തിട്ടപ്പെടുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി വഴി ആവശ്യപ്പെട്ട വിശദാംശങ്ങളും അധികവിവരങ്ങളും ലഭ്യമാക്കുന്നതിലേക്കായും ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതിലേക്കായും പ്രോജക്ടിനായി ചെലവഴിച്ച ആകെ തുകയായ 187390/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ സ്നേഹസ്പർശം പദ്ധതിയിലെ അപാകതകൾ -സംബന്ധിച്ച്

| | |
|---|---|
| പ്രോജക്റ്റ് നം. | 9/2022 |
| പേര് | സ്നേഹസ്പർശം |
| അടങ്കൽ | രൂപ 755250/- വി.ഫ (പൊ.വി), 377625/- (BPS), രൂപ 377625/- (DPS)<br>ആകെ – രൂപ 1510500/- |
| ചെലവ് | രൂപ 1278125/- |
| ബിൽ നം. | ബിൽ നം. 04/2021-22 തീയതി 13.08.2021<br>രൂപ 530000/-<br>ബിൽ നം. 11/2021-22 തീയതി 18.11.2021<br>രൂപ 370500/-<br>ബിൽ നം. 15/2021-22 തീയതി 26.12.2021 |

| | |
|---|---|
| | രൂപ 370500/-<br>ബിൽ നം. 23/2021-22 തീയതി 17.03.2022<br>രൂപ 7125/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

1. മേൽ പദ്ധതി വഴി 52 ഗുണഭോക്താക്കൾക്ക് 24250/- (10000+7125+7125) രൂപ നിരക്കിൽ 1261000/- രൂപയും ശ്രീജ.എസ് എന്ന ഗുണഭോക്താവിന് ആദ്യ ഗഡു. 10000/- രൂപ മാത്രമായും ജീന.ജെ.എസ് എന്ന ഗുണഭോക്താവിന് ഒറ്റ ഗഡു 7125/- രൂപ മാത്രമായും നൽകിയിരിക്കുന്നു. ഗഡു തുകയിൽ വന്ന വ്യത്യാസത്തിന് കാരണം ഫയലിൽ വിശദമാക്കിയിട്ടില്ല. കൂടാതെ വെബ് സാംഖ്യാ ബിൽ നം. 15/2021-22 തീയതി 26.12.2021 രൂപ 370500/- ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2. മേൽ പദ്ധതിയുടെ ഗുണഭോക്തൃ പട്ടിക, തുക കൈപ്പറ്റിയതിനുള്ള കൈപ്പറ്റ് വിവരങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല.

3. മേൽ പദ്ധതിയുടെ ഗുണഭോക്താക്കളുടെ അപേക്ഷകളിൽ 24250/- രൂപ വീതം അനുവദിച്ച വൈഷ്ണവ്.ജെ, മഹാദേവ് സുരേഷ്, അജിത് കുമാർ ബി, ആരോൺ ആർ.ഷൈൻ, കിരൺ വർഗ്ഗീസ്, ശാന്തകുമാരി സൗമ്യ, സന്തോഷ് എസ് എന്നിവരുടെ അപേക്ഷ, അർഹതാ വിവരങ്ങൾ ലഭ്യമല്ല.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥക്ക് നൽകിയ 17.11.2022 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 27/2021-22 ന് മേൽ മറുപടി ലഭ്യമാക്കുകയോ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കുകയോ ഉണ്ടായില്ല.

1-20 അങ്കണവാടി അനുപൂരക പോഷകാഹാരം പദ്ധതി-- രേഖകൾ ഹാജരാക്കാത്തതിനാൽ രൂപ 1336887/- തടസ്സപ്പെടുത്തുന്നു

(1)

| | |
|---|---|
| പ്രോജക്റ്റ് നം. | 10/22 |
| പേര് | അങ്കണവാടി അനുപൂരക പോഷകാഹാരം എസ്.സി.പി |
| അടങ്കൽ | വികസനഫണ്ട് (എസ്.സി.പി) രൂപ 400000/- |
| ചെലവ് | ബിൽ നം. 08/2021-22 തീയതി 20.08.2021<br>രൂപ 376477/-<br>ബിൽ നം. 17/2021-22 തീയതി 26.12.2021<br>രൂപ 13312/-<br>ബിൽ നം. 22/2021-22 തീയതി 17.03.2022<br>രൂപ 10211/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

(2)

| | |
|---|---|
| പ്രോജക്റ്റ് നം. | 8/2022 |
| പേര് | അങ്കണവാടി അനുപൂരക പോഷകാഹാരം |
| അടങ്കൽ | വികസനഫണ്ട് (പൊതു) രൂപ 700000/-<br>(കേ.ആ) രൂപ 400000/- ആകെ രൂപ 1100000/- |
| ചെലവ് | ബിൽ നം. 01/2021-22 തീയതി 17.07.2021<br>രൂപ 536887/- (വി.ഫ)<br>രൂപ 400000/-(കേ.ആ)<br>ആകെ രൂപ 936887/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

മേൽ പ്രകാരമുള്ള പ്രോജക്റ്റുകൾ പരിശോധിക്കുന്നതിനായുള്ള അനുബന്ധ ചെലവ് രേഖകൾ-വൗച്ചറുകൾ/കൈപ്പറ്റ് രസീതുകൾ/stock-substock/issue രജിസ്റ്ററുകൾ/വാഹന വാടക ചെലവു രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ചെലവിന് ആധാരമായ മുഴുവൻ രേഖകളും ഹാജരാക്കുന്നതുവരെ മേൽ പ്രോജക്റ്റുകൾക്കായി ചെലവിട്ട 1336887/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ഫയലുകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥക്ക് നൽകിയ 17.11.2022 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 27/2021-22 ന് മേൽ മറുപടി ലഭ്യമാക്കുകയോ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കുകയോ ഉണ്ടായില്ല.

## 1-21 വി.ഇ.ഒ, സർക്കിൾ എ നിർവ്വഹണം നടത്തിയ പദ്ധതികൾ -അപാകതകൾ

പ്രോജക്ട് നിബന്ധന പ്രകാരം മോണിറ്ററിംഗ് കമ്മിറ്റി മേൽ പദ്ധതിയുടെ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതുണ്ട്. എന്നാൽ വി.ഇ.ഒ. നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളിൽ മേൽ പ്രകാരമുള്ള റിപ്പോർട്ട്, കംപ്ലീഷൻ സർട്ടിഫിക്കറ്റ്/ഓരോ ഗുണഭോക്താക്കളും പ്രവർത്തി പൂർത്തീകരിച്ചതിനുള്ള തെളിവുകൾ/വിവരങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല.

1)

| | |
|---|---|
| പ്രോജക്ട് നം. | 119/2022 |
| പേര് | PBIG-Retrofitting Of Toilets(SBM) |
| അടങ്കൽ | 955000/- (കേ.ആ) |
| ചെലവ് | രൂപ 895000/- (179*5000/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, സർക്കിൾ എ |

2)

| | |
|---|---|
| പ്രോജക്ട് നം. | 141/2022 |
| പേര് | കക്കൂസ് മെയിന്റനൻസ് |
| അടങ്കൽ | 495000/- (വി.ഫ.ധ.ക.അ) |
| ചെലവ് | രൂപ 125000/- (25*5000/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, സർക്കിൾ എ |

3)

| | |
|---|---|
| പ്രോജക്ട് നം. | 139/2022 |
| പേര് | കുടിവെള്ള കിണർ മെയിന്റനൻസ് (വ്യക്തിഗതം) |
| അടങ്കൽ | 787000/- (വി.ഫ.ധ.ക.അ), 5000/- (ത.ഫ) ആകെ 792000/- |
| ചെലവ് | രൂപ 234000/- (39*6000/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, സർക്കിൾ എ |

4)

| | |
|---|---|
| പ്രോജക്ട് നം. | 118/2022 |
| പേര് | ഗാർഹിക കക്കൂസ് നിർമ്മാണം (SBM) |
| അടങ്കൽ | 276000/- (കേ.ആ.ഫ) |
| ചെലവ് | രൂപ 60000/- (5*12000/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, സർക്കിൾ എ |

5)

| | |
|---|---|
| പ്രോജക്ട് നം. | 116/2022 |
| പേര് | ലൈഫ് ഭവന നിർമ്മാണം-ജനറൽ |
| അടങ്കൽ | 1790286/- (വി.ഫ-പൊ.വി), 1827820/-(ബ്ലോ.പ.വി), 1400000/- (ജി.പ.വി) |
| ചെലവ് | രൂപ 2581491/- |

| | |
|---|---|
| ബിൽ നം. | 01/2021-22 തീയതി 07.07.2021, രൂപ 1790286/-<br>03/2021-22 തീയതി 27.07.2021, രൂപ 680000/-<br>04/2021-22 തീയതി 31.08.2021, രൂപ 111205/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, സർക്കിൾ എ |

മേൽ പദ്ധതിയുടെ നടത്തിപ്പിനായി വിവിധ നിർമ്മാണ ഘട്ടങ്ങൾ പൂർത്തിയാക്കുന്ന മുറക്കാണ് ഓരോ ഗഡുക്കളും വിതരണം ചെയ്യേണ്ടത്. എന്നാൽ, സ്റ്റേജ് സർട്ടിഫിക്കറ്റ്/നേരിട്ടുള്ള പരിശോധന റിപ്പോർട്ട് എന്നിവയുടെ അഭാവത്തിൽ ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നതായി കാണുന്നു.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ 15.11.2022 ലെ ഓഡിറ്റ് എൻക്വയറി നമ്പർ - 17/2021-22 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ പ്രകാരമുള്ള പദ്ധതിയുടെ ഗുണഭോക്താക്കളെല്ലാം തന്നെ നിർദ്ദിഷ്ട പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതായി നേരിട്ട് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും ഭാവിയിൽ അതാത് ഫയലുകളിൽ തന്നെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, കംപ്ലീഷൻ സർട്ടിഫിക്കറ്റ്/ഓരോ ഗുണഭോക്താക്കളും പ്രവർത്തി പൂർത്തീകരിച്ചതിനുള്ള തെളിവുകൾ/വിവരങ്ങൾ എന്നിവയുടെ അഭാവത്തിൽ മേൽ പ്രകാരമുള്ള പദ്ധതിയുടെ ഗുണഭോക്താക്കൾ ആനുകൂല്യ തുകകൾ ഉപയോഗപ്പെടുത്തികൊണ്ട് നിർദ്ദിഷ്ട വികസന പ്രവൃത്തികൾ യഥാവിധി നിർവ്വഹിച്ചിരുന്നോയെന്ന് പരിശോധിച്ചുറപ്പിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

## 1-22 ഇ എം എസ് ഭവനപദ്ധതി ഗുണഭോക്താക്കൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള അധിക തുക – രേഖകളുടേയും പൂർത്തീകരണത്തിന്റേയും അഭാവത്തിൽ നൽകിയിരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | SO 121/2022 |
| പേര് | ഇ എം എസ് ഭവനപദ്ധതി ഗുണഭോക്താക്കൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള അധിക തുക നൽകൽ |
| അടങ്കൽ | 1000000/-(വി.ഫ.പൊ.വി) |
| ചെലവ് | രൂപ 964723/- (30*31250/-+27223/-) |
| ബിൽ നം. | 01/2021-22 തീയതി. 25.06.2021 രൂപ 933473/-<br>08/2021-22 തീയതി. 11.01.2022 രൂപ 31250/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, സർക്കിൾ ബി |

ഇ എം എസ് ഭവനപദ്ധതി 2011-12 ഗുണഭോക്താക്കൾക്ക്, സ.ഉ(എം.എസ്)നം.52/2012/ത.സ്വ.ഭ.വ തീയതി 27.02.2012 സർക്കാർ ഉത്തരവ് പ്രകാരമുള്ള ,അധിക തുക നൽകൽ എന്ന മേൽ പ്രകാരമുള്ള പ്രോജക്ട് വഴി 30 ഗുണഭോക്താക്കൾക്ക് രൂ.31250/- വീതവും ഒരാൾക്ക് 27223/- രൂപയും ഉൾപ്പടെ രൂപ 964723/- ആണ് വികസന ഫണ്ടിൽ നിന്നും അനുവദിച്ചിരിക്കുന്നത്. പൂർണ്ണമായ അപേക്ഷയുടേയും യഥാവിധി തയ്യാറാക്കിയ കരാറിന്റേയും അഭാവത്തിൽ ആണ് ആനുകൂല്യങ്ങൾ അനുവദിച്ച് കാണുന്നത്. മേൽ ഗുണഭോക്താക്കൾ ആനുകൂല്യ തുക ഉപയോഗപ്പെടുത്തി ചെയ്യാൻ ഉദ്ദേശിച്ച അധിക പ്രവൃത്തികൾ വിശദമാക്കുന്ന എസ്റ്റിമേറ്റോ, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടോ കംപ്ലീഷൻ സർട്ടിഫിക്കറ്റോ ഫയലിൽ ലഭ്യമല്ല. ഇക്കാരണത്താൽ തന്നെ പദ്ധതിയുടെ ഗുണഭോക്താക്കൾ സർക്കാർ ഉത്തരവുവഴി അനുവദിക്കപ്പെട്ട അധിക തുക ഉപയോഗപ്പെടുത്തി എന്തെങ്കിലും പ്രവൃത്തികൾ നിർവ്വഹിച്ചിരുന്നുവോ എന്നത് പരിശോധിച്ചുറപ്പിക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ 15.11.2022 ലെ ഓഡിറ്റ് എൻക്വയറി നമ്പർ - 18/2021-22 ന് ലഭ്യമാക്കിയ മറുപടിയിലും മേൽ പ്രകാരമുള്ള പദ്ധതിയുടെ ഗുണഭോക്താക്കൾ അധിക നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതായോ ആയത് നേരിട്ട് ബോധ്യപ്പെട്ടിട്ടുള്ളതായോ ഉള്ള വിവരം ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഓരോ ഗുണഭോക്താവും സർക്കാർ ഉത്തരവു പ്രകാരം നിർദ്ദേശിച്ച ഭവന പൂർത്തീകരണ പ്രവൃത്തികൾ നിർവ്വഹിച്ചിരുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-23 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ തന്നെ മരുന്നുകൾ വാങ്ങിയിരിക്കുന്നു- സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധം

1)

| | |
|---|---|
| പ്രോജക്ട് നമ്പർ | 71/2021-22 |

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | വൃദ്ധജനപരിപാലനം - ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | രൂപ 200000/- (വിഹ. പൊ.വി) |
| ചെലവ് | രൂപ 200000/- |
| ബിൽ നമ്പർ | 03/2021-22 തീയതി. 17.01.2022 രൂപ 200000/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ ഗവ.ഹോമിയോ ഡിസ്പെൻസറി |

2)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 72/2021-22 |
| പ്രോജക്റ്റിന്റെ പേര് | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | രൂപ 600000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | രൂപ 600000/- |
| ബിൽ നമ്പർ | 01/2021-22 തീയതി. 04.12.2021 രൂപ 600000/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ ഗവ.ഹോമിയോ ഡിസ്പെൻസറി |

മേൽ പ്രോജക്റ്റുകൾ പ്രകാരം ഔഷധിയിൽ നിന്ന് 8,00,000/- രൂപക്കുള്ള മരുന്നുകൾ വാങ്ങിയിരിക്കുന്നത് ഭരണവകുപ്പിൽ/നിയന്ത്രണാധികാരിയിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ആണ് (ഓഡിറ്റ് എൻക്വയറി നം.04/21-22 തീയതി 10.11.2022 നുള്ള മറുപടി). സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശപ്രകാരം (സ.ഉ.(എം.എസ്)22/തസ്വഭവ തീയതി 14-02-2018 ഖണ്ഡിക 7.5.3) ഭരണ വകുപ്പിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനം വഴി മരുന്ന വാങ്ങലിന് അനുമതിയുള്ളത്. ആയതിനാൽ യഥാസമയം നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാത്തതിന് ഭരണ വകുപ്പിൽ നിന്ന് സാധൂകരണം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-24 പാലിയേറ്റീവ് കെയർ പദ്ധതി - സംഭാവന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

07.03.2019 ലെ സർക്കാർ ഉത്തരവ് (സാധാ)നം 553/2019/ത.സ്വ.ഭ.വ ഖണ്ഡിക 2.5 പ്രകാരം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി സർക്കാരിതര സംഘടനകൾ, വ്യക്തികൾ തുടങ്ങി പൊതുസമൂഹത്തിൽ നിന്നുള്ള സംഭാവനകളും സ്വീകരിക്കാവുന്നതാണ്. ഈ രീതിയിൽ സംഭാവന സ്വീകരിക്കാനെടുത്ത നടപടികൾ അറിയിക്കാനും മേൽ പ്രകാരം പണമായോ സാധനസാമഗ്രികളായോ ലഭിച്ച വിഭവസമാഹരണ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്ന 'ക്യാഷ് ആന്റ് അസറ്റ് ഡോണേഷൻ രജിസ്റ്ററും' ഇതിനായുള്ള ബാങ്ക് അക്കൗണ്ടിന്റെ പാസ്സ് ബുക്കും തുകകൾ കൈപ്പറ്റിയതിനുള്ള രസീത് പകർപ്പുകളും 16.11.2022 ലെ ഓഡിറ്റ് എൻക്വയറി നം 26/2021-22 മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി സ്വതന്ത്രമായ ഓഡിറ്റ് അനിവാര്യമായതിനാലും ആയതിലേക്കായി എല്ലാ ഇനങ്ങളിൽ നിന്നും ഉള്ള വരവുകളും എല്ലാവിധ ചെലവുകളും പരിശോധിക്കേണ്ടതുള്ളതിനാലും മേൽ രേഖകൾ തുടർ വർഷങ്ങളിൽ ഹാജരാക്കി ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്.

## 1-25 തൊഴിലുറപ്പ് പദ്ധതി പൊതുഅവലോകനം

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക വർഷത്തിൽ 29 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നടത്തുന്നതിനായി മെറ്റീരിയലുകൾ വാങ്ങുന്നതിനായി ടെണ്ടർ നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾക്കായി സിമന്റ്, മെറ്റൽ, എം സാന്റ് തുടങ്ങിയ സാധനങ്ങളുടെ വാങ്ങലുകളിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

വാങ്ങലുകൾ ഒറ്റ ടെണ്ടറായി നടത്തുന്നില്ല

ഓരോ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് വേണ്ടി വ്യത്യസ്ത ടെണ്ടറുകൾ ക്ഷണിക്കുകയും, ടെണ്ടറുകളിൽ രണ്ട് വ്യക്തികൾ വീതം പങ്കെടുക്കുകയും കുറഞ്ഞ എസ്റ്റിമേറ്റ് റേറ്റ് ക്വാട്ട് ചെയ്ത വ്യക്തി ടെണ്ടർ കൊള്ളുകയുമാണ് ചെയ്തിട്ടുള്ളത്. മൊത്തം പ്രവൃത്തികൾ വിലയിരുത്തിയതിൽ ശരാശരി 10 കരാറുകാർ എല്ലാ ടെണ്ടറുകളും താഴെ കൊടുക്കുന്ന പ്രകാരം വീതം വച്ചെടുത്തതായി കാണുന്നു.

| | |
|---|---|
| ശ്രീ ടൈറ്റസ് | 3 |
| ശ്രീ സജി.എസ്.എൻ | 2 |

| | |
|---|---|
| ശ്രീ നന്ദു പ്രഭാകർ | 3 |
| ശ്രീ ജോസ് | 5 |
| ശ്രീ കൃഷ്ണൻകുട്ടി | 1 |
| ശ്രീ സുരേഷ്കുമാർ.എസ് | 5 |
| ശ്രീ മോഹനൻ.എൽ | 6 |
| ശ്രീ സുവീണൻ.റ്റി | 1 |
| ശ്രീ ബൈജു.വി.എസ് | 2 |
| ശ്രീ ജയചന്ദ്രൻ | 1 |

മേൽപ്പറഞ്ഞതിൽ നിന്നും മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനങ്ങൾ ശേഖരിക്കപ്പെട്ടത് മത്സരാധിഷ്ഠിതമായല്ലെന്ന് കാണാം. മെറ്റീരിയൽ പ്രവൃത്തികൾ എപ്രകാരം നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള 31.01.2012-ലെ 93/2012/LSGI നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ സാധനങ്ങൾ സമാഹരിക്കാത്തതാണ് ഇതിലേക്ക് നയിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലേബർ ബജറ്റും വാർഷിക കർമ്മപദ്ധതിയും അന്തിമമായി ജില്ലാ തലത്തിൽ അംഗീകരിച്ച് കഴിഞ്ഞാൽ ഓരോമാസവും ആവശ്യമായ സാധനങ്ങളുടെയും മനുഷ്യദിനങ്ങളുടെയും വ്യക്തമായ കണക്ക് ലഭിക്കുന്നതാണ്. സാധനങ്ങളുടെ ആവശ്യകത കണക്കാക്കിയതിനു ശേഷം ഇവ ആറുമാസ കാലയളവിലേക്ക് വിതരണം ചെയ്യുന്ന വരെ തെരഞ്ഞെടുക്കേണ്ടതാണ്. ഒരേയിനം സാധന സാമഗ്രികൾ വ്യത്യസ്ത പ്രവൃത്തികൾക്കാണെങ്കിൽ പോലും കൂടുതൽ അളവിൽ വേണ്ട പക്ഷം കൂടുതൽ മത്സരക്ഷമതയുള്ള ടെണ്ടർ ലഭിക്കുന്നതിന് ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓരോ പ്രവൃത്തിക്ക് ആവശ്യമായ മുഴുവൻ സാധനങ്ങളും ഓരോ കരാറുകാരിൽ നിന്നും എസ്റ്റിമേറ്റിലെ നിരക്കിൽ വാങ്ങിയത് ഉത്തമ സാമ്പത്തിക താല്പര്യത്തോടെയല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അർദ്ധവർഷത്തിൽ ആവശ്യമായ മൊത്തം സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ക്വാറി ഉടമകൾ/അംഗീകൃത ഏജൻസികൾ ഓരോ ഇനത്തിന് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യാൻ സാധ്യതയുണ്ടെന്നിരിക്കെ, ഈ സാധ്യത പരിഗണിക്കപ്പെടാത്തത് വിശദീകരിക്കേണ്ടതാണ്.

<u>ടെണ്ടർ രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല</u>

ടെണ്ടർ ചെയ്യാൻ സജ്ജമായ ഒരു കൂട്ടം പ്രവൃത്തികൾക്കായി പത്രത്തിൽ പരസ്യം നൽകുകയും, ബന്ധപ്പെട്ടുന്ന കരാറുകാർക്ക് ടെണ്ടർ ഷെഡ്യൂൾ തൊഴിലുറപ്പ് പദ്ധതി ഓഫീസിൽ നിന്നും വിതരണം ചെയ്യുകയുമാണ്. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും കൈപ്പറ്റുന്ന ടെണ്ടർ ഷെഡ്യൂളുകളുടെ സ്റ്റോക്കും വിതരണവും എഴുതി സൂക്ഷിക്കുന്നില്ല. ഈ പദ്ധതിക്ക് കീഴിൽ നടക്കുന്ന ടെണ്ടറുകളിൽ പങ്കെടുക്കുന്ന കരാറുകാർക്ക് ടെണ്ടർ ഷെഡ്യൂൾ വിതരണം ചെയ്യുമ്പോൾ ഫോറത്തിന്റെ വില കൃത്യമായി കണക്കാക്കി, പേരു വിവരവും തുക അടവാക്കിയ രസീത് നമ്പറും തീയതിയും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

<u>EMD രജിസ്റ്റർ സൂക്ഷിക്കുന്നില്ല</u>

ടെണ്ടറിൽ പങ്കെടുക്കുന്നവരുടെ/ കൈകൊണ്ടവരുടെ EMD വിവരം അടങ്ങിയ രജിസ്റ്റർ തയ്യാറാക്കുന്നില്ല. ഇത് ക്രമമല്ല.

<u>റോഡുകളുടെ വീതി പരിഗണിച്ചിട്ടില്ല</u>

തൊഴിലുറപ്പ് പദ്ധതിയിൽ ഗ്രാമീണ റോഡ് നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 02.02.2012-ലെ സ.ഉ(സാധാ)നം.334/2012/തസ്വഭവ ഉത്തരവിൽ വിശദീകരിക്കുന്നുണ്ട്. ഈ ഉത്തരവിലെ ഖണ്ഡിക 2(iii) പ്രകാരം റോഡുകൾ ഏറ്റെടുക്കുമ്പോൾ ആയതിന്റെ വീതി 2.5 മീറ്ററിൽ അധികരിക്കാൻ പാടുള്ളതല്ല. എന്നാൽ സാമ്പത്തിക വർഷം നടപ്പിലാക്കിയ റോഡുകളുടെ കുറഞ്ഞ വീതി പോലും 3 മീറ്ററാണ്. ബിറ്റുമിനസ് പ്രതലമൊരുക്കാനുള്ള (IRC നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്) സാധ്യത പോലും വിലയിരുത്താതെയുള്ള ഇത്തരം നിർമ്മാണങ്ങൾ നടത്തിയതിന്റെ കാരണം വിശദീകരിക്കേണ്ടതുണ്ട്.

## <u>1-26 റോഡ് പുനരുദ്ധാരണം - സ്റ്റീലിന്റെ ഭാരം കണക്കാക്കിയതിൽ അപാകത – 3574/- രൂപ തിരികെ ഈടാക്കണം</u>

പ്രോജക്റ്റിന്റെ പേര് - കല്ലുവിളമുകൾ - ചെറുത്തലക്കോണം റോഡ് പുനരുദ്ധാരണം പ്രോജക്റ്റിന്റെ പേര് - S0053/22
അടങ്കൽ തുക - 490000/-
ചെലവ് തുക - 486053/-

ഫണ്ടിനം - MG (R)

എം.ബുക്ക് നം - 160/20-21, 358/21-22

ബിൽ നം - 13/14.09.21

കോൺട്രാക്ടർ - ശ്രീ ടൈറ്റസ്.എൽ

ടെണ്ടർ നിരക്ക് - എസ്റ്റിമേറ്റ് നിരക്ക്

റോഡിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സൈഡ്‌വാൾ പ്രൊട്ടക്ഷനം റീ-ടാറിംഗും ആണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പ്രവൃത്തി ചെയ്തിട്ടുള്ളത് എസ്റ്റിമേറ്റിൽ ഇനം (7) ആയിട്ടുള്ള സ്റ്റീലിന്റെ അളവ് കണക്കാക്കിയതിൽ അപാകം വന്നിട്ടുണ്ട്. 20 Mm സ്റ്റീലിന്റെ യൂണിറ്റ് ഭാരം 2.47kg/m എന്നിരിക്കെ യൂണിറ്റ് ഭാരം 2.78247 Kg/m എന്ന രീതിയിൽ കണക്കാക്കിയതിലൂടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ഇതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എം.ബുക്ക് പ്രകാരം കണക്കാക്കിയത്

20x3.62x2.78 = 201.27

19x4.62x2.78 = 244.03

1 X1.15 X 2.78 = 3.197

ആകെ = 448.497 Kg

ശരിക്കുള്ള ഭാരം

20x3.62x2.47 = 178.828

19x4.62x2.47 = 216.816

1 X1.15 X 2.47 = 2.874

ആകെ = 398.485

ഭാരത്തിലെ വ്യത്യാസം = 50.012

1 Kg സ്റ്റീലിന് കോൺട്രാക്ടർക്ക് നൽകേണ്ട തുക = 71.45988 (DSR Code 11.8 ; Supplying, Fitting And Placing TMT Bar Reinforcement In Foundation)

അധികം നൽകിയ തുക = 3574/- രൂപ

അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-27 ഓട നിർമ്മാണം അളവ് രേഖപ്പെടുത്തലിലെ പൊരുത്തക്കേട് 10509/- രൂപ തിരികെ ഈടാക്കണം

പ്രോജക്ടിന്റെ പേര്- ഇടവാൽ ഇഴവിക്കോട്ടുകോണം റോഡ് ഓട നിർമ്മാണം

പ്രോജക്ട് നമ്പർ (S0020/22)

അടങ്കൽ തുക - 400000

ചെലവ് തുക - 399764

ഫണ്ടിനം - MG(R)

എം ബുക്ക് നമ്പർ - 247/2021-22

ബിൽ നമ്പർ - 23/10.02.22

കോൺട്രാക്ടർ - നന്ദു പ്രഭാകർ (എസ്റ്റിമേറ്റ് നിരക്ക്)

ഓട നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള അളവുകൾ പ്രയോഗത്തിൽ പൊരുത്തപ്പെടാത്തവയാണ്. എർത്ത് വർക്ക് 152.4 മീറ്റർ നീളത്തിൽ നടത്തിയിട്ടുണ്ട്. തുടർന്ന് 10 Cm കനത്തിൽ Pcc 1:3:6 ഉപയോഗപ്പെടുത്തി കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ തുടർന്ന് ഓടയുടെ ഇരുവശങ്ങളും 1:2:5:5 അനപാതത്തിൽ ശരാശരി 60cm പൊക്കത്തിൽ കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. ഈ കോൺക്രീറ്റിംഗ് നടത്തിയിട്ടുള്ളത് 142.4 മീറ്റർ നീളത്തിൽ മാത്രമാണ്. ഓടയുടെ ഉള്ളിലായി ഇരുവശങ്ങൾക്ക് ഇടയിലായി 5 Cm കനത്തിൽ 152.4 മീറ്റർ നീളത്തിൽ PCC 1:2:4 ചെയ്തിട്ടുണ്ട്. എർത്ത് വർക്ക് നടത്തിയ ഓരോ റീച്ചും അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതിലെ പിഴവാണ് ഈ വ്യത്യാസത്തിന് കാരണമായിട്ടുള്ളത്. എർത്ത് വർക്ക് നടത്തിയ 10x0.85x.10 എന്ന റീച്ചിന്റെ എണ്ണം ഒന്നിന പകരം 2 ആയി രേഖപ്പെടുത്തിയതാണ്, എർത്ത് വർക്കിലും PCC 1:3:6, PCC 1:2:4 ലും അധിക അളവ് ഉണ്ടായത്. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരമാവധി നീളം 150 മീറ്ററിൽ ഓട നിർമ്മിക്കാനാണ് തയ്യാറാക്കിയിട്ടുള്ളത്. ഓടയുടെ ശരിക്കുള്ള സ്ട്രക്ചർ നിർമ്മിക്കുന്നതിന് 1:2:5:5 അനപാതത്തിലെ കോൺക്രീറ്റ് 142.4 മീറ്ററാണ് ഉപയോഗിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരം പരമാവധി ഓടയുടെ നിളം 150 മീറ്ററാണെന്നും, ഓടയുടെ സ്ട്രക്ചർ 142.4 മീറ്ററാണെന്നും ഓടയുടെ ശരിക്കുള്ള നീളം 142.4 മീറ്ററാണെന്ന് ഉറപ്പിക്കാവുന്നതാണ്. എർത്ത് വർക്കിന്റേയും, PCC 1:3:6, PCC 1:2:4 എന്നീ ഇനങ്ങളുടെ നീളം അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയപ്പോൾ 10 മീറ്ററിന്റെ ഒരു റീച്ചിനെ രണ്ടായി രേഖപ്പെടുത്തിയത് കാരണം നീളം ഈ മൂന്ന ഇനങ്ങളിലും 152.4 മീറ്ററായി മാറിപ്പോയിട്ടുണ്ട്. രേഖപ്പെടുത്തലിലെ അപാകത കാരണം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| ഇനം | എം ബുക്ക് പ്രകാരം നൽകിയത് | നൽകേണ്ടത് | യൂണിറ്റ് നിരക്ക് | അധികം നൽകിയ അളവും തുകയും |
|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| എർത്ത് വർക്ക് | 2x10x0.85x0.60=10.20 $M^3$ | 1x10x0.85x0.60=5.10 $M^3$ | 513.14 | 5.10 $M^3$ | 2617/- |
| PCC 1:3:6 | 2x10x0.85x0.10=1.70 | 1x10x0.85x0.10=.85 | 7058.8 | 0.85 $M^3$ | 6000/- |
| PCC 1:2:4 | 2x10x0.50x.05=0.50=1.70 | 1x10x0.50x0.05=0.25 | 7568 | 0.25 $M^3$ | 1892/- |
| ആകെ നഷ്ടമായ തുക | | | | | 10509/- |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23 ന് മറുപടി ലഭ്യമാക്കിയില്ല. അധികമായി നൽകിയ തുകയായ 10509/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

1-28 കരാറിലെ നിബന്ധനകൾ അടിയന്തിരമായി കാലികമാക്കണം

1. ഓഡിറ്റ് വർഷത്തിൽ നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ കരാർ വച്ചത് നിലവിലെ സാഹചര്യത്തിന് അനുസൃതമായ വ്യവസ്ഥകൾ ഉൾകൊള്ളിച്ചുകൊണ്ടല്ല. വളരെ പ്രധാനമായ മിക്ക വ്യവസ്ഥകളും കാലഹരണപ്പെട്ടതാണ്. കരാറിന്റെ അന്തസത്ത സമയമാണെന്നിരിക്കെ പ്രവൃത്തി പൂർത്തീകരിക്കാനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്ന ഗുരുതര വീഴ്ചയും സംഭവിച്ചിട്ടുണ്ട്. എല്ലാ പ്രവൃത്തികളുടേയും കരാറുടമ്പടി ഒരേ ഫോറത്തിൽ തന്നെയാണ് തയ്യാറാക്കി വരുന്നത്. ഈ കരാറിലെ നാലാമത്തെ വ്യവസ്ഥയിൽ, പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങളുടെ ഗുണനിലവാരം, പ്രവൃത്തിയുടെ ഗുണനിലവാരം, പ്രവൃത്തിയുടെ അളവുകൾ എന്നിവയെല്ലാം കേരള ഡീറ്റയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണെന്നും ഈ നിബന്ധനകൾ കരാറുകാരൻ വായിച്ച് മനസിലാക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2014-15 വർഷം മുതൽക്കുതന്നെ DAR ഉം DSR ഉം നടപ്പിലാക്കിയിട്ടുണ്ട്. ഇവ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് CPWD Specification ആണ്. കൂടാതെ ഗ്രാമീണ റോഡുകൾക്ക് MORD Specification ആണ് ഉപയോഗിക്കുന്നത്. കാലഹരണപ്പെട്ട വ്യവസ്ഥകൾ കരാറിൽ നിലനിർത്തുന്നത് നിയമപരമല്ല.

2. പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല. കരാറിലെ രണ്ടാമത്തെ വ്യവസ്ഥ പാലിക്കപ്പെടുന്നതിന് പ്രവൃത്തി വിവര പട്ടികയോ, പ്രവർത്തന കലണ്ടറോ കരാറിന്റെ ഭാഗമാക്കിയിട്ടില്ല. പ്രവൃത്തിയുടെ പ്രോജക്ട് കരാറിന്റെ ഭാഗമായി പരിഗണിച്ചാൽ തന്നെ മിക്ക പ്രവൃത്തികളുടെയും കാര്യത്തിൽ കരാർ തീയതി പരിഗണിക്കുമ്പോൾ പ്രോജക്ടിലെ പ്രവൃത്തി പൂർത്തീകരണ കാലയളവിനുള്ളിൽ പവൃത്തി പൂർത്തീകരിക്കുകയെന്നത് അസംഭവ്യമാണെന്ന് കാണാം. പ്രോജക്ട് ഏകവർഷ പ്രോജക്ടാണെന്നിരിക്കെ കരാർ സാമ്പത്തിക വർഷാവസാനം വയ്ക്കുന്ന സാഹചര്യമാണുള്ളത്.

3. കരാറിന്റെ ഏഴാമത്തെ വ്യവസ്ഥയായി പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ സംബന്ധിച്ച് വിശദമാക്കുന്ന 2012ലെ പുതുക്കിയ PWD മാന്വലിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിന് പകരം അതിനുമുമ്പുള്ള മാന്വലിലെ വ്യവസ്ഥകളാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. ഇത് ക്രമപ്രകാരമല്ല.

4. കരാർ ലംഘനങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ കോടതി വ്യവഹാരങ്ങളിലേക്ക് പോകുമ്പോൾ ഇത്തരം നിബന്ധനകൾ പഞ്ചായത്തിന് അനുകൂലമാകില്ല. ആയതിനാൽ നിലവിലെ കരാർ നിബന്ധനകൾ കാലികമായി പരിഷ്കരിക്കുവാൻ അടിയന്തിര ഇടപെടലുകൾ ഉണ്ടാകണം.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 റോഡ് പുനരുദ്ധാരണം - സ്റ്റീലിന്റെ ഭാരം കണക്കാക്കിയതിൽ അപാകത – 3574/- രൂപ തിരികെ ഈടാക്കണം

പ്രോജക്ടിന്റെ പേര് - കല്ലുവിളമുകൾ - ചെറുത്തലക്കോണം റോഡ് പുനരുദ്ധാരണം പ്രോജക്ടിന്റെ പേര് - S0053/22
അടങ്കൽ തുക - 490000/-
ചെലവ് തുക - 486053/-
ഫണ്ടിനം - MG (R)

എം.ബുക്ക് നം - 160/20-21, 358/21-22

ബിൽ നം - 13/14.09.21

കോൺട്രാക്ടർ - ശ്രീ ടൈറ്റസ്.എൽ

ടെണ്ടർ നിരക്ക് - എസ്റ്റിമേറ്റ് നിരക്ക്

റോഡിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സൈഡ്‌വാൾ പ്രൊട്ടക്ഷനം റീ-ടാറിംഗും ആണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പ്രവൃത്തി ചെയ്തിട്ടുള്ളത് എസ്റ്റിമേറ്റിൽ ഇനം (7) ആയിട്ടുള്ള സ്റ്റീലിന്റെ അളവ് കണക്കാക്കിയതിൽ അപാകം വന്നിട്ടുണ്ട്. 20 Mm സ്റ്റീലിന്റെ യൂണിറ്റ് ഭാരം 2.47kg/m എന്നിരിക്കെ യൂണിറ്റ് ഭാരം 2.78247 Kg/m എന്ന രീതിയിൽ കണക്കാക്കിയതിലൂടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ഇതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എം.ബുക്ക് പ്രകാരം കണക്കാക്കിയത്

20x3.62x2.78 = 201.27

19x4.62x2.78 = 244.03

1 X1.15 X 2.78 = 3.197

ആകെ = 448.497 Kg

ശരിക്കുള്ള ഭാരം

20x3.62x2.47 = 178.828

19x4.62x2.47 = 216.816

1 X1.15 X 2.47 = 2.874

ആകെ = 398.485

ഭാരത്തിലെ വ്യത്യാസം = 50.012

1 Kg സ്റ്റീലിന് കോൺട്രാക്ടർക്ക് നൽകേണ്ട തുക = 71.45988 (DSR Code 11.8 ; Supplying, Fitting And Placing TMT Bar Reinforcement In Foundation)

അധികം നൽകിയ തുക = 3574/- രൂപ

അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-2 ഓട നിർമ്മാണം അളവ് രേഖപ്പെടുത്തലിലെ പൊരുത്തക്കേട് 10509/- രൂപ തിരികെ ഈടാക്കണം

പ്രോജക്റ്റിന്റെ പേര്- ഇടവാൽ ഇഴുവിക്കോട്ടുകോണം റോഡ് ഓട നിർമ്മാണം

പ്രോജക്റ്റ് നമ്പർ (S0020/22)

അടങ്കൽ തുക - 400000

ചെലവ് തുക - 399764

ഫണ്ടിനം - MG(R)

എം ബുക്ക് നമ്പർ - 247/2021-22

ബിൽ നമ്പർ - 23/10.02.22

കോൺട്രാക്ടർ - നന്ദു പ്രഭാകർ (എസ്റ്റിമേറ്റ് നിരക്ക്)

ഓട നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള അളവുകൾ പ്രയോഗത്തിൽ പൊരുത്തപ്പെടാത്തവയാണ്. എർത്ത് വർക്ക് 152.4 മീറ്റർ നീളത്തിൽ നടത്തിയിട്ടുണ്ട്. തുടർന്ന് 10 Cm കനത്തിൽ Pcc 1:3:6 ഉപയോഗപ്പെടുത്തി കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ തുടർന്ന് ഓടയുടെ ഇരുവശങ്ങളും 1:2:5:5 അനുപാതത്തിൽ ശരാശരി 60cm പൊക്കത്തിൽ കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. ഈ കോൺക്രീറ്റിംഗ് നടത്തിയിട്ടുള്ളത് 142.4 മീറ്റർ നീളത്തിൽ മാത്രമാണ്. ഓടയുടെ ഉള്ളിലായി ഇരുവശങ്ങൾക്ക് ഇടയിലായി 5 Cm കനത്തിൽ 152.4 മീറ്റർ നീളത്തിൽ PCC 1:2:4 ചെയ്തിട്ടുണ്ട്. എർത്ത് വർക്ക് നടത്തിയ ഓരോ റീച്ചും അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതിലെ പിഴവാണ് ഈ വ്യത്യാസത്തിന് കാരണമായിട്ടുള്ളത്. എർത്ത് വർക്ക് നടത്തിയ 10x0.85x.10 എന്ന റീച്ചിന്റെ എണ്ണം ഒന്നിനു പകരം 2 ആയി രേഖപ്പെടുത്തിയതാണ്, എർത്ത് വർക്കിലും PCC 1:3:6, PCC 1:2:4 ലും അധിക അളവ് ഉണ്ടായത്. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരമാവധി നീളം 150 മീറ്ററിൽ ഓട നിർമ്മിക്കാനാണ് തയ്യാറാക്കിയിട്ടുള്ളത്. ഓടയുടെ ശരിക്കുള്ള സ്ട്രക്ച്ചർ നിർമ്മിക്കുന്നതിന് 1:2:5:5 അനുപാതത്തിലെ കോൺക്രീറ്റ് 142.4 മീറ്ററാണ് ഉപയോഗിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരം പരമാവധി ഓടയുടെ നിളം 150 മീറ്ററാണെന്നും, ഓടയുടെ സ്ട്രക്ച്ചർ 142.4 മീറ്ററാണെന്നും ഓടയുടെ ശരിക്കുള്ള നീളം 142.4 മീറ്ററാണെന്ന് ഉറപ്പിക്കാവുന്നതാണ്. എർത്ത് വർക്കിന്റേയും, PCC 1:3:6, PCC 1:2:4 എന്നീ ഇനങ്ങളുടെ നീളം അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയപ്പോൾ 10 മീറ്ററിന്റെ ഒരു റീച്ചിനെ രണ്ടായി രേഖപ്പെടുത്തിയത് കാരണം നീളം ഈ മൂന്ന ഇനങ്ങളിലും 152.4 മീറ്ററായി മാറിപ്പോയിട്ടുണ്ട്. രേഖപ്പെടുത്തലിലെ അപാകത കാരണം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| ഇനം | എം ബുക്ക് പ്രകാരം നൽകിയത് | നൽകേണ്ടത് | യൂണിറ്റ് നിരക്ക് | അധികം നൽകിയ അളവും തുകയും |
|---|---|---|---|---|
| എർത്ത് വർക്ക് | 2x10x0.85x0.60=10.20 $M^3$ | 1x10x0.85x0.60=5.10 $M^3$ | 513.14 | 5.10 $M^3$ 2617/- |

| | | | | | |
|---|---|---|---|---|---|
| PCC 1:3:6 | 2x10x0.85x0.10=1.70 | 1x10x0.85x0.10=.85 | 7058.8 | 0.85 $M^3$ | 6000/- |
| PCC 1:2:4 | 2x10x0.50x.05=0.50=1.70 | 1x10x0.50x0.05=0.25 | 7568 | 0.25 $M^3$ | 1892/- |
| ആകെ നഷ്ടമായ തുക | | | | | 10509/- |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23 ന് മറുപടി ലഭ്യമാക്കിയില്ല. അധികമായി നൽകിയ തുകയായ 10509/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| 1 | ജില്ലാപഞ്ചായത്ത് | 2021-22 | സ്നേഹ സ്പർശം | 370500 | 0 |
| 2 | ജില്ലാപഞ്ചായത്ത് | 2021-22 | ക്ഷീര സമൃദ്ധി വനിത | 500000 | 0 |
| 3 | ജില്ലാപഞ്ചായത്ത് | 2021-22 | ക്ഷീര സമൃദ്ധി ജനറൽ | 389108 | 0 |
| | ആകെ | | | 1259608 | |
| 4 | ബ്ളോക്ക് പഞ്ചായത്ത് | 2021-22 | Life (General) | 791205 | 0 |
| 5 | ബ്ളോക്ക് പഞ്ചായത്ത് | 2021-22 | Life (SCP) | 710000 | 0 |
| 6 | ബ്ളോക്ക് പഞ്ചായത്ത് | 2021-22 | സ്നേഹ സ്പർശം | 377625 | 0 |
| 7 | ബ്ളോക്ക് പഞ്ചായത്ത് | 2021-22 | ക്ഷീര സമൃദ്ധി വനിത | 238158 | 0 |
| 8 | ബ്ളോക്ക് പഞ്ചായത്ത് | 2021-22 | ക്ഷീര സമൃദ്ധി ജനറൽ | 492530 | 0 |
| | ആകെ | | | 2609518 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയതുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 3,89,000/- | -- | 3,89,000/- |
| കെഎസ് ഇ ബി | ചിലമ്പറ വാർഡിൽ സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | 97,940/- | -- | 97,940/- |
| ഡി പി സി | ഡി പി സി കെട്ടിട നിർമ്മാണം | 1,00,000/- | -- | 1,00,000/- |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

### 4-4 വായ്പാ /വായ്പാതരിച്ചടവ്

2021-2022 സാമ്പത്തിക വർഷം വായ്പാ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നം/തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തുക മുതൽ | തിരിച്ചടച്ച പലിശ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ലോൺ | | 570600000 | 59969146 | 4752000 | 0 | 55217146 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുകളുടെ പേരും ഉദ്യോഗപേരും | രസീത് നം തീയതി |
|---|---|---|---|---|---|
| 1 | 2018-19 | 1-26 | 1358 | വിനോദ്കുമാർ, കരാറുകാരൻ | 1220702221, 08.11.2022 |
| 2 | 2019-20 | 1-24 ബി | 1741 | വിനോദ്കുമാർ, കരാറുകാരൻ | 120702220 08.11.2022 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2016-17 | 6 | 2017-18 | 4 | വസ്തുനികുതി കുടശ്ശിക |

## 4-8 ചാർജ്ജ് സർചാർജ്ജ്നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 104,04,738 |
| ഓഡിറ്റ് വർഷത്തെ വരവ് | 80,31,6931 |
| ആകെ | 907,21,669 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 755,69,307 |
| നീക്കിയിരിപ്പ് | 151,52,362 |
| വരവിനങ്ങളുടെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 14,083 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 29,98,604 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1-26 (3-1) | 3,574 | ബിനി ജെ.സി, അസിസ്റ്റന്റ് എഞ്ചിനീയർ | കൃഷ്ണകൃപ, നിയർ ചെക്ക്പോസ്റ്റ്, അമരവിള. |
| 1-27 (3-2) | 10,509 | ബിനി ജെ.സി, അസിസ്റ്റന്റ് എഞ്ചിനീയർ | |
| ആകെ | 14,083 | | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1-13 | 79,594 | കലാറാണി ആർ.ഐ, | NA23(2), വാട്സ് ലെയിൻ, |

| | | | |
|---|---|---|---|
| | | സെക്രട്ടറി | നന്തൻകോട്, തിരുവനന്തപുരം |
| 1-14 | 13,94,733 | കലാറാണി ആർ.ഐ, സെക്രട്ടറി | NA23(2), വാട്സ് ലെയിൻ, നന്തൻകോട്, തിരുവനന്തപുരം |
| 1-18 | 1,87,390 | ലേഖ, എച്ച്.എം. | വസുധ, ഊരൂട്ടമ്പലം, തിരുവനന്തപുരം |
| 1-20 | 13,36,887 | ശ്രീമതി പാർവ്വതി കൃഷ്ണൻ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, | കൃഷ്ണതീർത്ഥം, നെടുമാനൂർ, പുന്നലാൽ പി.ഒ |
| ആകെ | 29,98,604 | | |

(ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നനിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈവകുപ്പിൽനിന്നംപുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/660/2022 തീയതി. 25/10/2022 | 2 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/660/2022 തീയതി. 25/10/2022 | 1 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/660/2022 തീയതി. 25/10/2022 | 1 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/660/2022 തീയതി. 25/10/2022 | 3 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/660/2022 തീയതി. 25/10/2022 | 1 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/660/2022 തീയതി. 25/10/2022 | 2 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/660/2022 തീയതി. 25/10/2022 | 2 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/2380/2018 തീയതി. 12/07/2019 | 8 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/1733/2021 തീയതി 28/10/2020 | 18 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/119/2022 തീയതി 04/03/2022 | 32 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/1019/2022 തീയതി 30/06/2022 | 35 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്